


# സ്നാപകൻ ക്രിസ്തുവിലേയ്ക്കുള്ള വഴികാട്ടി

(യോഹ. 3:22 – 31) Vol. 10, Issue: 39

ബ്ര. ബിപിൻ മാത്യു MCBS

ദിവ്യകാരുണ്യ ഈശോയിൽ ഏറെ സ്നേഹിക്കപ്പെടുന്നവരേ, ദനഹാക്കാലത്തിന്റെ 6-ാം ആഴ്ചയിലേയ്ക്ക് പ്രവേശിക്കുമ്പോൾ, സുവിശേഷം ഇന്ന് നമുക്കു മുമ്പിൽ പരിചയപ്പെടുത്തുന്നത് എളിമയുടെ തെളിവ് സൂക്ഷിച്ച, സ്ത്രീയിൽ നിന്നും ജനിച്ചവരിൽ ഏറ്റവും വലിയവൻ എന്ന് ഈശോ അഭിസംബോധന ചെയ്ത, മിശിഹായ്ക്കു വഴിയൊരുക്കുക എന്ന ചരിത്രദൗത്യത്തിനായി വന്ന, ഏറ്റുമുട്ടാതെയും മത്സരിക്കാതെയും ജീവിക്കാനാകുമെന്ന ആത്മീയതയുടെ സൂര്യശോഭ നെഞ്ചിലേറ്റിയ സ്നാപകയോഹന്നാനെയാണ്.

ഇന്ന് നമ്മൾ വായിച്ചുകേട്ട സുവിശേഷഭാഗത്തിന്റെ ചരിത്രപശ്ചാത്തലം പരിശോധിക്കുമ്പോൾ നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നത്, ആദിമ ക്രൈസ്തവനേതാക്കൾക്ക് വെല്ലുവിളി ഉയർത്തിക്കൊണ്ട് സ്നാപകയോഹന്നാന്റെ ശിഷ്യന്മാർ പല സ്ഥലങ്ങളിലും ജീവിച്ചിരുന്നുവെന്നാണ്. അപ്പ. പ്രവ. 19-ാം അധ്യായം 1 മുതൽ 5 വരെയുള്ള വാക്യങ്ങളിൽ യോഹന്നാന്റെ ശിഷ്യന്മാരെക്കുറിച്ചുള്ള പരാമർശമുണ്ട്. അവർ നൽകുകയും പ്രചരിപ്പിക്കുകയും ചെയ്തത്, യോഹന്നാനിൽ നിന്നും അവർ സ്വീകരിച്ച അനുതാപത്തിന്റെ മാമ്മോദീസായാണ്. ഈശോ യോഹന്നാനിൽ നിന്നാണ് മാമ്മോദീസാ സ്വീകരിച്ചതെന്നുള്ള യാഥാർത്ഥ്യം, യോഹന്നാന്റെ ശിഷ്യന്മാർ സ്നാപകനെ ഈശോയെക്കാൾ വലിയവനായി കണക്കാക്കുന്നതിനിടയാക്കി. ഈ സാഹചര്യം ആദിമക്രൈസ്തവസമൂഹത്തിൽ ഒരുപാട് അസ്വസ്ഥതകൾക്ക് കാരണമായിരുന്നു. ഈയൊരു സാഹചര്യത്തെ വളരെ വൈദഗ്ദ്യത്തോടെ സുവിശേഷങ്ങളിൽ കൈകാര്യം ചെയ്യുന്നതായിട്ടാണ് ഇന്നത്തെ സുവിശേഷത്തിലൂടെ നാം കാണുന്നത്. സ്നാപകൻ ഇവിടെ ഏറ്റുപറയുകയാണ്: “താൻ ക്രിസ്തുവല്ല; ക്രിസ്തുവിലേയ്ക്കുള്ള വഴികാട്ടി മാത്രമാണ്” എന്ന്. ഈ വഴികാട്ടിയായവന്റെ ജീവിതം നമ്മുടെ ജീവിതത്തിലേയ്ക്കും ഒരുപാട് കാര്യങ്ങൾ പഠിപ്പിച്ചു തരുന്നുണ്ട്.

ഒന്നാമതായി, ദൈവം തെരഞ്ഞെടുത്ത് ഉയർത്തിയവരെ അംഗീകരിക്കുക; ദൈവം തെരഞ്ഞെടുത്തവരെ അംഗീകരിക്കലാണ് യഥാർത്ഥ ആധ്യാത്മികത എന്ന് യോഹന്നാൻ നമ്മെ പഠിപ്പിക്കുന്നു. ഈശോയാണ് വരാനിരിക്കുന്ന രക്ഷകൻ, എന്ന് ഏറ്റുപറഞ്ഞ് അംഗീകാരത്തിന്റെ, അംഗീകരിക്കലിന്റെ മാതൃക യോഹന്നാൻ നമുക്കു തരുന്നു. ദൈവം തെരഞ്ഞെടുത്തവരെ മനുഷ്യർ അംഗീകരിക്കാതെ വരുമ്പോൾ, സ്വീകരിക്കാതെ വരുമ്പോൾ മനുഷ്യരുടെ ജീവിതത്തിൽ പല ഭവിഷ്യത്തുകളും വരുന്നതായി നമുക്കു കാണാൻ സാധിക്കും. പഴയനിയമത്തിലെ കായേനും സാവൂളുമൊക്കെ ഇതിന് ഉദാഹരണങ്ങളാണ്. ആബേലിന്റെ ബലി ദൈവം സ്വീകരിച്ചപ്പോൾ ആബേലിനെ അംഗീകരിക്കാൻ കായേനു സാധിക്കുന്നില്ല. ദൈവത്തിനെതിരെ തിന്മ പ്രവർത്തിച്ച് ദൈവത്തിൽ നിന്നുമകന്ന സാവൂളിൽ നിന്നും രാജത്വമെടുത്ത്, ദാവീദിനു ദൈവം കൊടുത്തപ്പോൾ ദാവീദിനെ അംഗീകരിക്കാനോ സ്വീകരിക്കുവാനോ സാവൂളിനു കഴിയുന്നില്ല. തുടർന്ന് അവരുടെ ജീവിതത്തിലുണ്ടാകുന്ന ദുരിതങ്ങൾ പഴയനിയമ ഗ്രന്ഥത്തിൽ നമ്മൾ വായിക്കുന്നുണ്ട്. നമ്മുടെ ചുറ്റുപാടുമുള്ള സഹോദരങ്ങളിൽ, അയൽക്കാരിൽ, അവരുടെ നന്മ കണ്ട് അവരെ ആത്മാർത്ഥമായി അഭിനന്ദിക്കുമ്പോൾ ഈ അംഗീകാരത്തിന്റെ ആത്മീയത നമ്മിലും പ്രകടമാകും.

ഇന്നത്തെ പഴയനിയമ വായനയിൽ, ദൈവം ഇസ്രയേൽ ജനത്തിന് വിവിധ നിയമങ്ങൾ കൊടുക്കുന്നതായി നമ്മൾ കണ്ടു. ഈ നിയമങ്ങളിലെല്ലാം പ്രതിപാദിച്ചുകാണുന്നത്, കൂടെയുള്ളവരെയും പരദേശികളെയും പരിഗണിക്കണം, അംഗീകരിക്കണം എന്നതാണ്. ദൈവം ഇതിനു കാരണമായി ഇസ്രായേൽ ജനതയോടു പറയുന്നത്: "നീ ഈജിപ്തിൽ അടിമയായിരുന്നുവെന്ന് ഓർമ്മിക്കണം; അതുകൊണ്ടാണ് ഇപ്രകാരം ചെയ്യാൻ ഞാൻ നിന്നോടു കൽപിക്കുന്നത്."

രണ്ടാമതായി, ഏറ്റുമുട്ടാതെയും മത്സരിക്കാതെയും ജീവിക്കാനാകുമെന്ന് യോഹന്നാൻ തന്റെ ജീവിതത്തിലൂടെ നമ്മെ പഠിപ്പിക്കുന്നു. തന്നോടു തന്നെ ഏറ്റുമുട്ടി ജയിക്കാനുള്ള ഒരു ക്ഷണമാണ് ഇതിലൂടെ യോഹന്നാൻ നമുക്കു തരുന്നത്. സ്നാപകന് ഈയൊരു മാതൃകയ്ക്ക് കാരണമാകാൻ സാധിച്ചത്, താൻ ആരാണെന്നും എന്താണെന്നുമുള്ള ഉറച്ച ബോധ്യമുണ്ടായിരുന്നതുകൊണ്ടാണ്. ഇന്നത്തെ ലോകത്ത് ഉയർന്നുവരുന്ന ഒരു ലോക തത്വമാണ് അതിജീവിനത്തിന്റെ തത്വം. ഈ സാഹചര്യത്തിൽ, എളിമയുടെ തെളിവ് സൂക്ഷിച്ച് എപ്രകാരം ജീവിക്കാൻ സാധിക്കുമെന്ന് കാട്ടിത്തന്ന് സ്നാപകൻ നമുക്ക് മാതൃകയാകുന്നു.

ഇസ്രായേൽ ജനം ഒരു സമൂഹമായി രൂപപ്പെട്ടപ്പോൾ ദൈവം അവരുമായി ഒരു ഉടമ്പടി സ്ഥാപിച്ചു. പക്ഷേ, ഈ ഉടമ്പടിയിൽ വിശ്വസ്തതയോടെ ജീവിക്കുന്നതിൽ പരാജയപ്പെട്ടപ്പോൾ അവർ ദൈവത്തിൽ നിന്നും, ദൈവത്തിന്റെ നിയമങ്ങളിൽ നിന്നും അകന്നു. ഈ ഉടമ്പടി ഇന്ന് നമുക്കു മുമ്പിലുമുണ്ട്. നമ്മളും ക്രിസ്തുവിലേയ്ക്കുള്ള വഴികാട്ടികളാകുമ്പോൾ ഈ ഉടമ്പടി നമ്മിലൂടെയും നവീകരിക്കപ്പെടും. ഇതു തന്നെയാണ് ഇന്നത്തെ ലേഖനത്തിലും ക്രിസ്തു നമ്മോടു പറയുന്നത്: "എന്റെ നിയമങ്ങൾ ഞാൻ അവരുടെ മനസ്സിൽ സ്ഥാപിക്കും. അവരുടെ ഹൃദയത്തിൽ ഞാൻ അവ ആലേഖനം ചെയ്യും. ഞാൻ അവർക്ക് ദൈവമായിരിക്കും; അവർ എനിക്ക് ജനവും."

ക്രിസ്തുവലേയ്ക്ക് നല്ലൊരു വഴികാട്ടിയാകാനും അങ്ങനെ അവന്റെ ഉടമ്പടി നമ്മിൽ നവീകരിക്കപ്പെടാനും ദൈവം തെരഞ്ഞെടുത്തുയർത്തിയവരെ അംഗീകരിക്കാനും ഏറ്റുമുട്ടലുകളും മത്സരങ്ങളുമില്ലാതെ ജീവിക്കാനും ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.